


Scanned with CamScanner

1. പുതുകവിതയിലെ ഭാഷാവഴികൾ
ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ 09

2. 'കാടത്ത പാട്ട് പാട്ക്ന രാമന്മാർ'
ഡോ. പി സുരേഷ് 20

3. മറുപിറവിയുടെ മാറാനോവുകൾ (വിജയരാജ മല്ലിക) 30
ഡോ. നിത്യ പി.വിശ്വം

4. മനസ്സുകൊണ്ടു മാത്രം എത്തിച്ചേരാനാവുന്ന സ്ഥലങ്ങൾ 36
(പി.എൻ.ഗോപീകൃഷ്ണൻ)
ഡോ. ഇ.എം. സുരജ

5. കവിതയുടെ ഇടവഴികൾ (പി. രാമൻ) 46
രശ്മി ടി. എൻ

6. അപ്പോൾ ആകാശത്ത് ഒരു തുള വീണിരുന്നു (കന്നി) 52
വിജു നായരങ്ങാടി

7. ഉടലിലെഴുതിയ കവിതകൾ (എ.പി. മോഹൻദാസ്) 58
ഡോ. കെ.എം. അനിൽ

8. റഫീക് അഹമ്മദിന്റെ കവിതകളിലെ കാലം 63
അമ്പിളി എം.വി

9. മത്സ്യപ്രദർശനശാലയിലെ ചിത്രകവിതകൾ (ബക്കർ മേത്തല) 71
ഡോ. രാജേഷ് മോൻജി

10. മലയാളത്തിന്റെ ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ –
കേരളപ്പിറവി നാളിൽ (പി.പി രാമചന്ദ്രൻ) 80
ഡോ. സ്വപ്ന സി. കോമ്പാത്ത്

11. പുതുകവിതയിലും 'ഭക്തിപ്രസ്ഥാനം' (വീരാൻകുട്ടി) 84
ശിവപ്രസാദ് പി.

12. മതിർക്കുന്ന കാടുകൾ: ജയദേവന്റെ കാവ്യസഞ്ചാരങ്ങൾ 90
(വി.ടി. ജയദേവൻ)
ദിവ്യ ഒ.വി


Scanned with CamScanner

7

മോഹൻദാസിന്റെ കവിതകളെക്കുറിച്ച്.

# ഉടലിലെഴുതിയ കവിതകൾ

ഡോ. കെ.എം. അനിൽ

'കടൽ കടക്കുന്ന സർവ്വേക്കല്ലുകൾ', മോഹൻദാസിന്റെ ആദ്യകവിതാസമാഹാരമാണ്. ഞങ്ങളുടെ സൗഹൃദത്തിന് ഏതാണ്ട് മൂന്ന് പതിറ്റാണ്ട് പഴക്കമുണ്ട്. എന്നാൽ ഇക്കാലയളവിലൊന്നും താനെഴുതുന്ന കവിതകളെക്കുറിച്ച് മോഹൻദാസ് സൂചിപ്പിച്ചതായി ഓർക്കുന്നില്ല. വാഴക്കാട്, എടവണ്ണപ്പാറ, കൊണ്ടോട്ടി എന്നിവിടങ്ങളിലെ ഇടതുപക്ഷ രാഷ്ട്രീയ-സാംസ്ക്കാരിക വേദികളിൽ മോഹൻദാസിന്റെ നിത്യസാന്നിദ്ധ്യമുണ്ട്. പക്ഷെ ഒരു കവി എന്ന നിലക്ക് ഫേസ്ബുക്കിലും മറ്റും അദ്ദേഹം പ്രത്യക്ഷപ്പെടുന്നത് ഈയടുത്ത കാലത്താണ്. ഇത്തരത്തിൽ പലപ്പോഴായി എഴുതിയവയിൽനിന്ന് തെരഞ്ഞെടുത്ത ഏതാനും കവിതകളാണ് ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്നത്. കവിതയിൽ ഒരു സ്വതശ്ചലിതത്വം (Spontaneity) ഉണ്ട്. കവികളിൽ എങ്ങിനെയാണ് കവിത പ്രവർത്തിക്കുന്നതെന്ന് അറിഞ്ഞുകൂട. ചില ഇമേജുകളുടെ വിപുലനവും കൂട്ടിച്ചേർക്കലുമാണ് കവിതയായി മാറുന്നത് എന്ന് ഊഹിക്കാൻ മാത്രമേ കഴിയൂ. ഇമേജുകളുടെ കരുത്താണ് കവിതയെ തീവ്രാനുഭവമാക്കുന്നത്. ഒരു കാര്യം നേരിട്ട് പറയുന്നതിനുപകരം മറ്റൊന്നുകൊ് ധ്വനിപ്പിക്കാൻ നടത്തുന്ന ശ്രമമാണ് ഇമേജ്. ഇത് എല്ലാവർക്കും പരിചയമുള്ള ഒരു സങ്കേതം തന്നെ. 'എലിവാലുപോലുള്ള മുടി'എന്നതിൽ ഉപമയുടെ ചമൽക്കാരമുണ്ട്. 'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും' എന്നതിൽ അർത്ഥാന്തരന്യാസത്തിന്റെ സൗന്ദര്യമുണ്ട്. അതായത് നമ്മുടെ നാട്ടുമൊഴികളിലും ദൈനംദിന ഭാഷാവ്യവഹാരങ്ങളിലും ഇമേജുകളുടെ ധാരാളമായ പ്രയോഗങ്ങൾ കാണാം. ഇമേജുകൾ കവിതയുടെ മാത്രം സവിശേഷതയല്ല എന്നർത്ഥം.

Scanned with CamScanner

യഥാർത്ഥത്തിൽ ഭാഷയുടെ മൗലികഭാവമാണ് ഇമേജിലൂടെ പ്രത്യക്ഷപ്പെടുന്നത്. വസ്തുപ്രപഞ്ചത്തേയും അനുഭവപ്രപഞ്ചത്തേയും പകരം വെക്കുകയാണല്ലോ ഭാഷ ചെയ്യുന്നത്. അതായത് ഒന്നിനുപകരം നിൽക്കുക എന്നത് ഭാഷയുടെ പൊതുസവിശേഷതയാണെന്നർത്ഥം. എന്നാൽ കവി ഭാഷയ്ക്കകത്ത് ഉൽഖനനം നടത്തുകയും അതിന്റെ ഉൺമയെ ആഴത്തിൽ ആവിഷ്ക്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നാം ഭാഷയുടെ പായൽപ്പടർപ്പിൽ പാർപ്പുറപ്പിക്കുമ്പോൾ കവി അതിന്റെ ആഴങ്ങളിലേക്ക് ഊളിയിടുകയും മുത്തുച്ചിപ്പിയുടെ ജീവിതത്തിനായി ധ്യാനിക്കുകയും ചെയ്യുന്നു. ഓരോ വാക്കിനകത്തും അനേകം പ്രപഞ്ചങ്ങൾ ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് തിരിച്ചറിയുന്ന ഒരാളെയാണ് നാം കവി എന്ന് വിളിക്കുന്നത്. യുക്തിക്കതീതമായാണ് കവിത സംഭവിക്കുന്നത്. എന്നാലത് യുക്തിയുടെ പരിമിതി ബോദ്ധ്യപ്പെടുത്തുകയും നാം കാണുന്നതിനപ്പുറമുള്ള ഒരു യാഥാർത്ഥ്യത്തെ നിർമ്മിച്ചെടുക്കുകയും ചെയ്യുന്നു. ഈ കൽപ്പിത യാഥാർത്ഥ്യത്തിന് വസ്തുയാഥാർത്ഥ്യത്തേക്കാൾ കരുത്തുണ്ടെന്ന കാര്യം ഓർക്കേണ്ടതാണ്. പ്ലാറ്റോയുടെ കാലംമുതൽ കവിതയെ അകറ്റിനിർത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അത് സാദ്ധ്യമാകാതെ പോകുന്നത് കവിതയ്ക്ക് അതീതയാഥാർത്ഥ്യത്തെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതുകൊണ്ടാണ്. അതാണ് കവിതയുടെ വശ്യത. കവിത നമ്മിൽ പ്രവർത്തിക്കുന്നുണ്ട്. അതിനെ അവ്വിധം പ്രവർത്തനക്ഷമമാക്കുന്നത് കവിയുടെ ഭാവനാശേഷിയാണ്. കവിയുടെ ഭാവന പ്രധാനമായും വാക്കുകളുടെ തെരഞ്ഞെടുപ്പിലാണ് നിർണ്ണായകമാകുന്നത്. കാരണം വാക്കുകൾക്ക് താളവും ശബ്ദസൗന്ദര്യവുമുണ്ട്. അതിൽ അർത്ഥത്തിന്റെ അനേകം സ്മൃതികൾ പതിഞ്ഞ് കിടപ്പുണ്ട്. പരസ്പരം ഇടകലരുന്ന അർത്ഥത്തിന്റെ ഛായകൾ സൃഷ്ടിക്കുന്ന നിഗൂഢതയിലാണ് കവിതയുടെ ജീവൻ അങ്കുരിക്കുന്നത്.

മീൻപിടുത്തക്കാരൻ വെള്ളത്തിലുള്ള മീനിനുവേണ്ടി ആകാശത്തിലേക്ക് വലയെറിയുന്നതുപോലെ കവി വാക്കിനെ അതിന്റെ വിപരീതങ്ങളിൽവെച്ച് തളക്കുന്നു. ക്രമരഹിതമെന്ന പ്രതീതി ജനിപ്പിച്ച് പുതുക്രമത്തിന്റെ സൗന്ദര്യം സൃഷ്ടിക്കുന്നു. ഭാഷയിൽ സാദ്ധ്യമാകുന്ന ഏറ്റവും വലിയ ക്രമത്തെയാണ് നാം കവിത എന്ന് വിളിക്കുന്നത്. പലപ്പോഴും അത് പല ഡിസൈനുകളുള്ള ഒരു വലിയ കമ്പളംപോലെയാണ്. ഒരു വലിയ ഘടനക്കകത്ത് കവി പല ഘടനകൾ ഒളിപ്പിച്ച് വെച്ചതായിക്കാണാം. ഒരു രാവണൻകോട്ടയിൽപ്പെട്ടതുപോലെ നാം കവിതയ്ക്കകത്തുനിന്ന് പുറത്തുകടക്കാനാകാതെ പലപ്പോഴും കുഴഞ്ഞുപോകും. ഒരു വേട്ടക്കാരൻ വേട്ടമൃഗത്തിന്റെ സങ്കേതത്തെ ചില ലക്ഷണങ്ങളിലൂടെ അടയാളപ്പെടുത്തുന്നതുപോലെ നാം വാക്കുകളുടെ അർത്ഥരാജി വകഞ്ഞുമാറ്റി കവിതയെ

അതിന്റെ രഹസ്യസങ്കേതത്തിൽവെച്ച് പിടികൂടുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് കാവ്യാസ്വാദനത്തിന് പരിശീലനം വേണമെന്ന് പലരും ശഠിക്കുന്നത്. കാവ്യരചനക്കുള്ള സിദ്ധി പരിശീലനത്തിലൂടെ നേടാനാവില്ലെന്നത് ശരിയാണ്. എന്നാൽ അതിന്റെ ആസ്വാദനത്തിന് അനുശീലനം ആവശ്യമാണ്. കവിത ചിലപ്പോൾ ചിത്രം വരയ്ക്കും. ചിലപ്പോളത് കഥ പറയും. കവിതയുടെ ഇത്തരം പ്രഹേളികാത്വം അതിനെ ഒരേസമയം വൈകാരികവും വൈചാരികവുമായ അക്ഷങ്ങ ൾക്കിടയിൽ സ്ഥാപിക്കുന്നു. ഏതൊരു കവിതയുടെ കാര്യത്തിലും മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രസക്തമാണ്. മോഹൻദാസിന്റെ കവിത യിലും നിരവധി ഒളിത്താവളങ്ങളുണ്ട്. കവിതയെ കുരുക്കിട്ട് പിടിക്കുക എന്നത് ഇവിടേയും ശ്രമകരമാണ്. നിരന്തരം ആവർത്തിക്കുന്ന ചില ഇമേജുകളുടെ സഹായത്തോടെയാണ് നാം കവിതയുടെ കിട്ടാക്കനി തേടിയുള്ള യാത്ര തുടങ്ങുന്നത്. മോഹൻദാസിന്റെ കവിതകളിൽ ഒരു പീഡിതശരീരമുണ്ട്. എല്ലാ വേദനകളും ഏറ്റുവാങ്ങുന്ന ഈ പ്രവാചക ശരീരം കവിതയിലുടനീളമുണ്ട്. അത് പ്രാചീനമായ ഒരു പിതൃബിംബ മാണ്. മനുഷ്യനാഗരികതയുടെ പൂർവ്വദശയിലെ ഒരുറവയിൽനിന്നാണ് ഈ കവിതകൾ പ്രവഹിക്കുന്നതെന്നർത്ഥം. ഇടിമുഴക്കം സൂക്ഷിക്കുന്ന നെഞ്ചകവും കടലാഴത്തെ ഒളിപ്പിച്ചുവെച്ച കരളും ആകാശത്തിന്റെ അനന്തതയെ തങ്ങളിലേക്കാവാഹിച്ച കണ്ണുകളും കദനച്ചവർപ്പ് തളം കെട്ടിയ നാക്കും പ്രളയജലം കുത്തിയൊലിക്കുന്ന ഞരമ്പും നടന്നുതീർത്ത വഴികൾ ഭൂപടം തീർത്ത കാലടികളും ഈ ഉടലിലുണ്ട്. ഒടുവിൽ കവി അതിനെ ഇങ്ങനെ നിർവ്വചിക്കുന്നു:

"വയറിന്റെ അരച്ചാണിൽനിന്നും
മണ്ണിന്റെ ആറടിയിലേക്കുള്ള
കൊടിയ ദുരിതങ്ങളുടെ
തീരാക്കനവുകളുടെ
കഠിനയാത്രയാണെന്റെയീ ഉടൽ" (ഉടൽ)

'ശേഷക്കാഴ്ച'യിലും 'ഫ്രീസറി'ലും മൃതശരീരമാണ് പ്രമേയമെങ്കിൽ 'പച്ചമുറിവു'കളിൽ മുറിവേറ്റ ശരീരമാണ് പ്രമേയം. 'ആത്മരക്ഷ'യിൽ മനുഷ്യരിലേക്കെത്താൻ കഴിയാതെ വഴിപ്പടർപ്പുകളിലും മുൾക്കിരീട ത്തിലും ദംഷ്ട്രകളിലും കുടുങ്ങിപ്പോയ മാലാഖമാരുടെ ശരീരമാണ് പരിചരിക്കപ്പെടുന്നത്. അറുത്തെടുക്കപ്പെട്ട ഒരു ഹൃദയത്തെക്കുറിച്ചുള്ള ആധിയാണ് ബലി. എല്ലാ കിളികൾക്കും ചേക്കേറാൻ കഴിയുന്ന ഒരു മഹാവൃക്ഷത്തെ നട്ടുവളർത്താനുള്ള ശ്രമത്തിനിടയിൽ തന്റേത് ബലിമൃഗത്തിന്റെ ശരീരമാണെന്ന് തിരിച്ചറിയാതെപോയ ഒരു തഥാഗതനെ ഈ കവിതയിൽക്കാണാം. മരിച്ചിട്ടും പാട്ടുനിലക്കാത്ത കൂട്ടുകാരന്റെ ശരീരമാണ് തർപ്പണത്തിലെ വിഷയം. ചുരുക്കത്തിൽ, 'ഉടലിലെഴുതിയ കവിതകൾ' എന്ന് മോഹൻദാസിന്റെ കവിതകളെ

സംക്ഷേപിക്കാം. പുള്ളിപ്പുലിയുടെ മുന്നിലോടുന്ന ഇരയുടെ ജീവനിലേക്കാത്താനുള്ള വേഗതയാണ് മോഹൻദാസിന് ജീവിതം. കടുത്ത ജീവിതാസക്തിയോ ജീവിത വിരക്തിയോ ഈ കവിക്കില്ല. ഇടശ്ശേരിയുടെ 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിലെ നായക നെപ്പോലെ അയാൾ തന്റെ കർമ്മമണ്ഡലത്തിനകത്ത് ചെറിയ കൂടൊരുക്കി ജീവിക്കുന്നു. ഈയാംപാറ്റയുടെ ആയുസ്സാണെങ്കിലും അത് വെളിച്ചത്തെ എല്ലായ്പ്പോഴും സ്വപ്നം കാണുന്നു. മറ്റുള്ളവർക്കുവേണ്ടി ഉരുകിത്തീരാൻ ആഗ്രഹിക്കുന്ന ചെറിയ മെഴുതിരി ജൻമങ്ങൾ എന്ന് ഇതിനെ വിളിക്കാം. സോപ്പിന്റേയും ചീപ്പിന്റേയും കണ്ണാടിയുടേയും വിറകിന്റേയും ജീവിതത്തിലുമുണ്ട് സമർപ്പണത്തിന്റെ മെഴുതിരി നാളങ്ങൾ. 'കണ്ണീർച്ചിത്ര'ത്തിലും 'ഉഷ്ണകാന്തി'യിലും ഇത്തരം ജീവിതങ്ങളുണ്ട്. മുള്ളുകളിലും പടർപ്പുകളിലും കുരുങ്ങിപ്പോകുന്ന ദുർബ്ബല ജീവിതങ്ങളുടെ നിസ്സഹായത മോഹൻദാസിന്റെ കവിത കളുടെ അന്തർദ്ധാരയാണ്. ഈ ഇമേജ് എല്ലായ്പ്പോഴും ആവർത്തിക്കുന്നുണ്ട്. ഈ സമാഹാരത്തിലെ ശക്തമായ കവിതകളിലൊന്നാണ് 'കടൽകടക്കുന്ന സർവ്വേക്കല്ലുകൾ' എന്നത്. അതിർത്തികളുടെ അർത്ഥശൂന്യതയെക്കുറിച്ച് പലരും ഇതിനുമുമ്പ് എഴുതിയിട്ടുണ്ടെങ്കിലും ഇത്തരമൊരു ഇമേജ് സാധാരണമല്ല. നന്തനാരുടേയും കോവിലന്റേയും പാറപ്പുറത്തിന്റേയും കഥകളിൽക്കാണുന്ന, രാജ്യസ്നേഹംകൊണ്ട് വിജ്രംഭിതരാകാത്ത, സാധാരണ മനുഷ്യരാണ് അതിർത്തിക്ക് കാവൽ നിൽക്കുന്ന സൈനികർ. ഒരു നാൾ കാവൽരേഖകൾ മാഞ്ഞുപോകുകയും സർവ്വേക്കല്ലുകൾ കടൽകടന്നുപോകുകയും ചെയ്യുമ്പോൾ മനുഷ്യർ സ്വതന്ത്രരാകുന്നു. ആയതിനാൽ 'കടൽകടന്നുപോകുന്ന സർവ്വേക്കല്ലുകൾ' മനുഷ്യസ്വാതന്ത്ര്യത്തിന്റെ അന്യാപദേശമാണെന്ന് പറയാം. 'വഴക്ക്' എന്ന കവിതയിലും അതിരാണ് പ്രമേയം. അതിരിലെ പ്ലാവിനെക്കുറിച്ച് തർക്കമായപ്പോൾ പ്ലാവ് ഭൂമിക്കടിയിലേക്ക്, അതിന്റെ വിത്തിലേക്ക് അന്തർധാനം ചെയ്യുന്നതാണ് കവിത. ഭൂമിയിലെ ജീവിതം അപമാനമായിത്തോന്നിയപ്പോഴാണല്ലോ സീത അന്തർധാനം ചെയ്തത്. മനുഷ്യരാൽ അപമാനിക്കപ്പെട്ട പ്ലാവും ഭൂമിയിലേക്ക് മടങ്ങിപ്പോകുകയാണ് ചെയ്തത്. അധികാരവും പൗരുഷവും തകർത്തു കളയുന്ന എല്ലാ ജീവിതങ്ങളേയും ഭൂമി തന്റെ ഹൃദയത്തിലേക്ക് ഏറ്റുവാങ്ങുന്നു.

സഖിയോട് കരുതലുള്ള ഒരു പ്രണയിയെ ഈ കവിത കളിലുടനീളം കാണാം. അവർ പരസ്പരം മുറിവുണക്കുന്നവരും ദുരിതമാരിയിൽ പച്ചിലക്കുടചൂടി പരസ്പരം തുണച്ചവരുമാണ്. എന്നാൽ പ്രണയത്തിന്റെ മറുപുറവും മോഹൻദാസിന്റെ കവിതയിൽ പ്രമേയമായി വരുന്നുണ്ട്. ശൂർപ്പണഖയും കൈകേയിയും ശകുന്തളയും സീതയും ഊർമ്മിളയും അപമാനിക്കപ്പെട്ട സ്ത്രീത്വത്തിന്റെ പര്യായ

പദങ്ങൾ മാത്രം. ആയതിനാൽ ഹൃദയം പകുത്തുനൽകുന്നതെന്ന് പറയുന്ന സുന്ദരമുഹൂർത്തത്തെപ്പോലും കവിക്ക് സംശയിക്കുന്നു. കാരണം സ്ത്രീക്കുമേൽ ആണധികാരം കെട്ടിവെക്കപ്പെടുന്ന നിമിഷത്തെയാണ് നാം മുഹൂർത്തം എന്ന് വിളിക്കുന്നത്. സ്നേഹം എന്നത് ഇവിടെ ഒരു ജടിലോക്തി മാത്രം. ഇരട്ടവേഷങ്ങൾകൊണ്ട് മൂടിവെക്കാൻ കഴിയാത്തതാണ് ചില ജീവിതദൈന്യങ്ങൾ. അതാണ് 'വേഷപ്പകർച്ച'യിലെ വിഷയം. വണ്ണാൻ ചെറിയക്കൻ തീച്ചാമുണ്ഡിയായി അരങ്ങുതകർത്തിട്ടും ഒറ്റവീഴ്ചയിൽ എല്ലാമൊടുങ്ങുന്നു. അതോടെ അയാൾക്ക് പഴയ സ്വത്വത്തിലേക്ക് തന്നെ തിരിച്ചുപോകേണ്ടിവരുന്നു. എല്ലാ വർണ്ണങ്ങളുടേയും അടിയിൽ വർണ്ണാശ്രമം തന്നെയെന്ന് ഈ കവിത അടിവരയിടുന്നു. മോഹൻദാസിന്റെ കവിതകളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഒരു ചെറിയ പരിചായകം. അത്രയേ ഇതുകൊണ്ട് ഉദ്ദേശിച്ചുള്ളൂ. കവിതയെ വിലയിരുത്താനോ ഈ കവിതകളുടെ ഭാവി പ്രവചിക്കാനോ ഞാൻ അശക്തനാണ്. ബാക്കിയെല്ലാം വായനക്കാരുടെ കോടതി തീരുമാനിക്കട്ടെ.

■

Scanned with CamScanner